## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5079 — 15/11/2019- ൽ മറുപടിയ്ക്ക്

### പ്രളയത്തിൽ നശിച്ച കുട്ടനാട്ടിലെ കൃഷിയെ പുനരുജ്ജീവിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പ്രളയത്തിൽ കനത്ത നാശനഷ്ടം നേരിട്ട കുട്ടനാട്ടിലെ കൃഷിയെ പുനരുജ്ജീവിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ; | (എ) പ്രളയത്തിനുശേഷമുള്ള കുട്ടനാട്ടിനെ പുനരുജ്ജീവിപ്പിക്കാൻ കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടനാട്ടിലെ അറുനൂറോളം പാടശേഖരങ്ങളിൽപ്പെട്ട 30000 ഹെക്ടറിൽ പ്രളയശേഷം പുഞ്ച കൃഷിയിറക്കുന്നതിനു കൃഷി വകുപ്പ് സൗജന്യമായി നെൽവിത്ത് നൽകി. സ്വന്തമായി ഉണ്ടായിരുന്ന നെൽവിത്തുപയോഗിച്ച് കൃഷിയിറക്കിയ കർഷകർക്ക് വിത്തിന്റെ വില നൽകുകയും ചെയ്തു.<br>പച്ചക്കറി കൃഷി വികസനത്തിനായി പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പച്ചക്കറി തൈകളും വിതരണം നടത്തി.<br>പ്രളയം മൂലം ദോഷം സംഭവിച്ച മണ്ണിന്റെ പുനരുജ്ജീവനത്തിനായി കർഷകർക്ക് സബ്സിഡി നിരക്കിൽ കുമ്മായം നൽകി.<br>മടവീഴ്ചയും ബണ്ട് തകർച്ചയും ഉണ്ടായ പാടശേഖരങ്ങളെല്ലാം പുനർനിർമ്മിക്കുന്നതിനുള്ള വെല്ലുവിളി ഏറ്റെടുത്തുകൊണ്ടാണു കൃഷി വകുപ്പ് മുഴുവൻ പാടശേഖരങ്ങളിലും കൃഷിയിറക്കിയത്. രണ്ടാം കൃഷി നഷ്ടപ്പെട്ട പാടങ്ങൾ ഉൾപ്പെടെ പുഞ്ച കൃഷി ഇറക്കിയപ്പോൾ മുൻ വർഷത്തേക്കാൾ 7000 ഹെക്ടറോളം അധികമായി കൃഷിയിറക്കാൻ സാധിച്ചു.<br>ശരാശരി ഉല്പാദനക്ഷമത പത്തനംതിട്ട ജില്ലയിലെ കണക്ക് പ്രകാരം 5.2 ടണ്ണും ആലപ്പുഴ ജില്ലയിൽ 7.5 ടണ്ണും കോട്ടയം ജില്ലയിൽ 6.7 ടണ്ണും ആയി വർദ്ധിച്ചു. കുട്ടനാടൻ പ്രദേശത്ത് ആകെ കൃഷി ചെയ്ത 50503.073 ഹെക്ടർ സ്ഥലത്ത് നിന്നും 3,58,644.47 ടൺ നെല്ല് ഉല്പാദിപ്പിച്ചു.<br>പ്രളയത്തിനു മുൻപ് (2017-18 സാമ്പത്തിക വർഷം ) നെല്ലിന്റെ ശരാശരി ഉല്പാദനക്ഷമത പത്തനംതിട്ട |

| | | | |
|---|---|---|---|
| | | | ജില്ലയിൽ 4.75 ടണ്ണും , ആലപ്പുഴ ജില്ലയിൽ 4.36 ടണ്ണും, കോട്ടയം ജില്ലയിൽ 4.72 ടണ്ണും ആയിരുന്നു. കുട്ടനാടൻ പ്രദേശത്ത് ആകെ ഉല്പാദനം 2,73,379 ടൺ മാത്രമായിരുന്നു. പ്രളയത്തിനു ശേഷം 85265.47 ടൺ നെല്ലിന്റെ ഉല്പാദനവർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. |
| (ബി) | പാടശേഖരങ്ങളിലെ മണ്ണും ചെളിയും നീക്കി കൃഷിയോഗ്യമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | പ്രളയത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കുന്നതിനു ധനസഹായമായി ഹെക്ടറിനു 12200/-രൂപ പ്രകാരം കൃഷി വകുപ്പ് നൽകിയിരുന്നു. |
| (സി) | കേടായ മോട്ടോർ, പമ്പ് സെറ്റ്, പെട്ടി, പറ എന്നിവയുടെ റിപ്പയറിംഗിന് തുക അനുവദിച്ചു നല്കിയിരുന്നോ; വ്യക്തമാക്കുമോ; | (സി) | പ്രളയത്തിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റും നീക്കം ചെയ്യുന്നതിനും ചാലുകളും തോടുകളും വൃത്തിയാക്കുന്നതിനും മോട്ടോറുകളും പമ്പുസെറ്റുകളും പെട്ടി പറ മുതലായവയും നന്നാക്കുകയോ പുന:സ്ഥാപിക്കുകയോ ചെയ്യുന്നതിനു കൃഷി വകുപ്പ് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു. |
| (ഡി) | മടവീഴ്ചക്ക് നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കുമോ; | (ഡി) | കുട്ടനാട്ടിൽ മടവീഴ്ചയുണ്ടായ പാടശേഖരങ്ങൾക്ക് മട പുനസ്ഥാപിക്കുന്നതിനു 5,25,00,000/- രൂപ നൽകിയിട്ടുണ്ട്. |
| (ഇ) | ബണ്ട് പുനർനിർമ്മാണത്തിനായി പാടശേഖര സമിതികൾക്ക് ധനസഹായം നല്കിയിരുന്നോ; വ്യക്തമാക്കുമോ; | (ഇ) | ബണ്ട് പുനർനിർമ്മാണത്തിനായി കിലോമീറ്ററിന് 60,000/- രൂപ എന്ന നിരക്കിൽ പാടശേഖര സമിതികൾക്ക് ധനസഹായം നൽകി വരുന്നു. |
| (എഫ്) | നെൽവിത്തുകളും പച്ചക്കറി വിത്തുകളും സൗജന്യമായി കർഷകർക്ക് നല്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും പ്രളയാനന്തരം തുടർ കൃഷിയ്ക്കും പുഞ്ച കൃഷിയ്ക്കും 100% സൗജന്യമായി നെൽ വിത്ത് നൽകി. പച്ചക്കറി കൃഷി വികസനത്തിനായി പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും വിതരണം നടത്തി. |

Snuwlathin

**സെക്ഷൻ ഓഫീസർ**